(ബി) പ്രസ്തുത കെട്ടിടം പുതുക്കി പണിയാനുള്ള നടപടി ആരംഭിച്ച തെപ്പോഴാണ് ; ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചതെപ്പോഴാ ണെന്നും വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത കെട്ടിടം പൊളിച്ചുമാറ്റി പുതുക്കി പണിയാനുള്ള ചുമതല ആർക്കാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രസ്തുത പ്രവൃത്തിക്ക് 14-7-2010-ൽ ടെണ്ടർ ക്ഷണിച്ചിരുന്നു വെങ്കിലും ടെണ്ടർ ഫോം ആരും വാങ്ങാത്ത സാഹചര്യത്തിൽ പുനർദർഘാസ് ക്ഷണിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ബി) കെട്ടിടം പുതുക്കി പണിയുന്നതിന് 10-6-2010-ൽ നടപടി സ്വീകരി ക്കുകയും അതിന്റെ ഭാഗമായി ടി-തീയതിയിൽ തന്നെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുകയുമുണ്ടായി.

(സി) കണ്ണൂർ വാട്ടർ സപ്ലൈ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീ യർക്കാണ് ചുമതല.

(ഡി) പുനർദർഘാസ് നടപടികൾ പൂർത്തീകരിച്ച ശേഷം മാത്രമേ ആയതു വെളിപ്പെടുത്തുവാൻ കഴിയുകയുള്ളു.

ഫസ്റ്റ് ഗ്രേഡ് സർവ്വേയർമാരിൽനിന്നും എ.ഇ.മാരായി പ്രൊമോഷൻ

129 (5019) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഫസ്റ്റ് ഗ്രേഡ് സർവ്വേയർമാരിൽ നിന്നും എ.ഇ.മാരായി സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമക്കാർക്ക് 5% സംവ രണത്തിലൂടെ പ്രൊമോഷൻ നൽകാൻ കാലതാമസമെന്താണെന്ന് വ്യക്തമാ ക്കുമോ ;

(ബി) 12-10-2006-ലെ ബഹു. ഹൈക്കോടതിയുടെ ഡബ്ല്യൂ.പി.(സി) 26835/06-ാം നമ്പർ വിധിയുടെയും ഇതിന്റെ അടിസ്ഥാനത്തിലുള്ള 28-12-2006-ലെ ജി.ഒ.(ആർ.ടി.) നമ്പർ.1628/06 ഡബ്ല്യൂ.ആർ.ഡി. ഉത്തരവിന്റേയും അടിസ്ഥാന ത്തിൽ പ്രസ്തുത നിയമനങ്ങൾ നൽകാൻ ഇനിയും കാലതാമസം ഉണ്ടാകുന്ന തെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രൊമോഷൻ എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള ജല അതോറിറ്റിയുടെ സ്പെഷ്യൽ റൂൾസ് നിലവിൽ വന്ന തിനുശേഷം മാത്രമേ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുവാൻ സാധിക്കുകയുള്ളു. സ്പെഷ്യൽ റൂൾസിന് അംഗീകാരം നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി & സി) പ്രസ്തുത ജി.ഒ. യുടേയും ഹൈക്കോടതി വിധിയുടേയും അടിസ്ഥാനത്തിലാണ് കരട് സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയിട്ടുള്ളത്.

പാറശ്ശാല വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലെ ജീവനക്കാർ

130 (5020) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ വിവിധ തസ്തികകളിലായി എത്ര പേർ ജോലി നോക്കി വരുന്നുവെന്നും ഇവർ പ്രസ്തുത ഓഫീസിൽ എത്ര കാലമായി ഓരോ തസ്തികകളിൽ ജോലി നോക്കി വരുന്നുവെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഓഫീസിൽ ഏതൊക്കെ തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നതെന്ന് ഒഴിവ് നിലവിൽവന്ന തീയതിയടക്കം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പാറശ്ശാല വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ വിവിധ തസ്തികകളിലായി 20 പേർ ജോലി നോക്കിവരുന്നു. ഇവർ പ്രസ്തുത ഓഫീസിൽ എത്രകാലമായി ഓരോ തസ്തികകളിൽ ജോലി നോക്കി വരുന്നുവെന്നുള്ള വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പേര്	തസ്തിക	പ്രസ്തുത ഓഫീസിൽ ചാർജ്എടുത്ത തീയതി
(1)	(2)	(3)	(4)
1.	ശ്രീമതി ലിസ്സി സുഗതൻ	അസി.എഞ്ചിനീയർ	4-2-2009
2	എൽ. പ്രസന്നൻ	സർവ്വേയർ ഗ്രേഡ് I	7-1-2008
3.	എസ്. ശ്രീരാജൻ നായർ	ഡ്രാഫ്റ്റ്സ്മാൻ I	25-4-2002
4.	പി. വൽസല	ഡ്രാഫ്റ്റ്സ്മാൻ II	1-3-2003
5.	എൽ. ജയശ്രീ	ഡ്രാഫ്റ്റ്സ്മാൻ II	23-7-2003
6.	കെ. അംബിക	ഡ്രാഫ്റ്റ്സ്മാൻ II	22-3-2009
7.	ബി. ഇന്ദുലേഖ	യു.ഡി.സി.	22-6-2010